മനോരമ കാർഷികരംഗം

മഞ്ഞളിലാണ് ഗീതയുടെ കണ്ണ്

സ്കൂളിൽ പഠിക്കുമ്പോൾ കാഴ്ച നഷ്ടമായ ഗീത ഇന്നു സ്വന്തമായി കൃഷി ചെയ്യുന്നു; സംരംഭകയുമായി

ടി.അജീഷ്

കാഴ്ചയല്ല നല്ല ഉൾക്കാഴ്ചയും കാഴ്ചപ്പാടുമാണ് സംരംഭകയ്ക്കു വേണ്ടതെന്നു തെളിയിക്കുകയാണു തൃശൂർ അമല നഗർ 'ഗീതാസ് ഹോം ടു ഹോം' ഉടമ ഗീത സലീഷ്. പതിനഞ്ചാം വയസ്സിൽ റെറ്റിനിറ്റിസ് പിഗ്മെന്റോസ എന്ന ജനിതക രോഗം ബാധിച്ചു ഗീതയ്ക്കു കാഴ്ച നഷ്ടമായതാണ്. എന്നാൽ, മഞ്ഞളിൽ നിന്നു മൂല്യവർധിത ഉൽപന്നങ്ങളുണ്ടാക്കി വിപണിയിലെത്തിച്ചു ഗീത വിജയ മാതൃകയാകുന്നു. പ്രചോദനമാകുന്നു.

■ ആഗ്രഹം പോലെ...

വിവാഹശേഷമാണു സംരംഭകയാകണമെന്ന ആഗ്രഹം ഉണ്ടായത്. കുട്ടിക്കാലത്ത് അമ്മ സ്ഥിരമായി കുടിപ്പിക്കാറുള്ള മഞ്ഞളും തേങ്ങാപ്പാലും ചേർന്നുള്ള വിഭവത്തിന്റെ രുചി മായാതെ ഉണ്ടായിരുന്നു. എല്ലാവർക്കും ഇഷ്ടപ്പെടുന്ന പുതുരുചിയിൽ അതു വിപണിയിലെത്തിച്ചാലോ എന്നായിരുന്നു ഗീതയുടെ അന്വേഷണം. കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിലെ വിദഗ്ധരുടെ പിന്തുണയോടെ രണ്ടു വർഷം കൊണ്ടു ഗീത പുതിയൊരു വിഭവമൊരുക്കി. അതായിരുന്നു 'കുർക്കുമീൽ'. ഓൺലൈൻ വഴിയായിരുന്നു മാർക്കറ്റിങ്. തൊട്ടുപിന്നാലെ ഫസ്റ്റ് ഡ്രിങ്ക് എന്ന ഉൽപന്നവും വിപണിയിലെത്തിച്ചു.

രാജ്യാന്തരതലത്തിൽ സ്വീകരിക്കപ്പെടുന്ന ഉൽപന്നങ്ങളായിരിക്കണമെന്നൊരു കാഴ്ചപ്പാടായിരുന്നു ഗീതയ്ക്ക്. അതുകൊണ്ടുതന്നെ പാക്കിങ്ങും മാർക്കറ്റിങ്ങിലും ശ്രദ്ധിച്ചു. ഇപ്പോൾ കുർക്കുമീലും ഫസ്റ്റ് ഡ്രിങ്കും കേരളത്തിലെ പ്രധാന സൂപ്പർമാർക്കറ്റുകളിലെല്ലാം എത്തിക്കഴിഞ്ഞു.

■ ഇനം പ്രതിഭ

കൂടുതൽ ഉൽപാദനം ലഭിക്കുന്ന പ്രതിഭ എന്ന ഇനമാണു നടീലിനായി തിരഞ്ഞെടുത്തത് . നല്ല പ്രതിരോധ ശേഷിയുണ്ട്, കുർകുമിന്റെ അളവും കൂടുതലാണ്. (കുർകുമിന്റെ സാന്നിധ്യമാണു മഞ്ഞളിന്റെ ഔഷധഗുണത്തിനു കാരണം.)

നൂറുശതമാനം ജൈവകൃഷിയാണ്. മണ്ണൊരുക്കി കോഴിവളം ചേർത്താണു കൃഷി. പല ജില്ലകളിലായി 55 ഏക്കർ സ്ഥലത്ത് കൃഷിയുണ്ട്. ഗീത തന്നെ വിത്തുനൽകും. 315 കർഷകരാണ് ഇത്രയും സ്ഥലത്തു കൃഷി ചെയ്യുന്നത്. അതിൽ പകുതിയും സ്ത്രീകൾ. നാല് ഏക്കർ സ്ഥലത്ത് ഗീത സ്വന്തമായും കൃഷി ചെയ്യുന്നുണ്ട്. ഇക്കുറി 30 ടണ്ണോളം ഉൽപാദനം ലഭിച്ചു.

കൃഷി ചെയ്യും മുൻപേ കർഷകരുമായി കരാർ വയ്ക്കും. പച്ച മഞ്ഞൾ കിലോഗ്രാമിന് 25 രൂപ എന്ന തോതിലാണ് ഇക്കുറി തിരികെ വാങ്ങിയത്.

തൃശൂർ കേരളവർമ കോളജിൽ ബിരുദത്തിനു പഠിക്കുമ്പോൾ പരിചയപ്പെട്ട സലീഷ് കുമാറാണു ജീവിതപങ്കാളി. മക്കളായ ഗസലും ഗയയും വിദ്യാർഥികൾ.

ഫോൺ: 8590758176

മഞ്ഞൾക്കൃഷി ഇപ്പോൾ തുടങ്ങാം

ആദ്യത്തെ വേനൽമഴ ലഭിക്കുന്നതോടെ മണ്ണൊരുക്കം തുടങ്ങാം. മഴ ലഭിച്ചാൽ നിലം ഉഴുതെടുക്കണം. ഇതിലേക്കു കുമ്മായമോ ഡോളമൈറ്റോ വിതറാം. അടുത്ത മഴയോടെ വാരമെടുക്കാം. ഒരു മീറ്റർ വീതിയും 30 സെന്റീമീറ്റർ ഉയരവും വേണം. രണ്ടു വാരങ്ങൾ തമ്മിൽ അര മീറ്റർ അകലം വേണം. വാരമെടുക്കുമ്പോൾ അടിവളമായി ട്രൈക്കോഡർമ ചേർത്ത ചാണകപ്പൊടി ചേർക്കാം. ഏപ്രിൽ അവസാനമോ മേയ് ആദ്യമോ ലഭിക്കുന്ന മഴയിൽ നടീൽ ആരംഭിക്കാം.

വാരങ്ങളിൽ 10 സെന്റീമീറ്റർ ആഴത്തിൽ കുഴികളെടുത്ത് അതിൽ ചാണകപ്പൊടി നിറയ്ക്കുക. വിത്തിന്റെ മുകുളം മുകൾ ഭാഗത്തുവരുന്ന രീതിയിൽ വേണം നടാൻ. ചെടികൾ തമ്മിൽ 25 സെന്റീമീറ്റർ അകലം നല്ലതാണ്.

ഒരു വാരത്തിൽ രണ്ടു വരിയായി നടാം. നടീൽ കഴിഞ്ഞാൽ ഉണങ്ങിയ ഇലകൾ കൊണ്ടു പുതയിടണം. ജൂൺ പകുതിയാകുമ്പോൾ ജൈവവളം ഏതെങ്കിലും ഉപയോഗിക്കാം. ചാണകവും ഗോമൂത്രവും ചേർത്ത ലായനി 15 ദിവസം കൂടുമ്പോൾ ഒഴിച്ചു കൊടുക്കുന്നതു നല്ലതാണ്.

ജൂലൈ പകുതിയോടെ പച്ചിലവളം ചേർത്തു മണ്ണു കയറ്റിക്കൊടുക്കണം. ഈ സമയത്തു വാരത്തിലെ കളകളെല്ലാം നീക്കം ചെയ്യണം. തുലാവർഷം അവസാനിക്കുന്നതിനു മുൻപായി ഒരിക്കൽ കൂടി മണ്ണുകയറ്റിക്കൊടുക്കുന്നതും നല്ലതാണ്.

ഭൂമിക്കൊരു പുതപ്പ്

ഫാം ടിപ്സ്

വേനലിന്റെ കാഠിന്യത്തിനു കുറവൊന്നുമില്ലല്ലോ. മണ്ണിലുള്ള ഈർപ്പം നഷ്ടപ്പെടാതെ സഹായിക്കുന്ന വിധം ഭൂമിക്കൊരു പുതപ്പു കൊടുക്കണം. ഉണങ്ങിയ തെങ്ങോലകൾ, തൊണ്ട്, വിള അവശിഷ്ടങ്ങൾ എന്നിവ ഉപയോഗിച്ചു പുതയിടുന്നത് ഈ സമയത്തു നല്ലതാണ്. ജൈവാവശിഷ്ടങ്ങൾ കത്തിക്കരുത്. ചപ്പുചവറുകൾ പുതയിടീലിനായി മാത്രം ഉപയോഗിക്കുക. മേൽമണ്ണു ചെറുതായി ഇളക്കിയിടുന്നതു വേനൽമഴയിൽ നിന്നും ലഭിക്കുന്ന ജലം മണ്ണിൽ തന്നെ സംഭരിച്ചു നിർത്തും. തെങ്ങിൻതോപ്പുകളിലും മറ്റും വേനൽക്കാല ഉഴവ് അനുവർത്തിക്കാം. വേനൽമഴ ലഭിച്ചതിനുശേഷം പയർവിളകൾ വിതയ്ക്കുന്നതു ഗുണം ചെയ്യും.

നെല്ലിനു വേനൽ സംരക്ഷണം

ജല ദൗർലഭ്യമുള്ള വയലുകളിൽ 4 ദിവസത്തിലൊരിക്കൽ നന്നായി നനയ്ക്കണം. കുലവാട്ടം, ഇലപ്പേൻ, തണ്ടുതുരപ്പൻ മുതലായവയ്ക്കെതിരെ ജാഗ്രത പാലിക്കണം. കുലവാട്ട രോഗം സാധാരണയായി കണ്ടുവരാറുള്ള സ്ഥലങ്ങളിൽ നൈട്രജൻ വളങ്ങളുടെ അമിത ഉപയോഗം കുറയ്ക്കുക. കുലവാട്ടം, പോളരോഗം മുതലായ രോഗങ്ങളെ പ്രതിരോധിക്കുവാൻ ഹെക്ടറിന് 2.5 കിലോഗ്രാം സ്യൂഡോമോണാസ് 50 കിലോഗ്രാം ചാണകപ്പൊടിയുമായി കലർത്തി വയലിൽ വിതറാം.

വാഴയ്ക്കു വളപ്രയോഗം

അഞ്ചുമാസം പ്രായമായ വാഴകൾക്ക് (വാഴ ഒന്നിന് 65 ഗ്രാം യൂറിയ, 100 ഗ്രാം പൊട്ടാഷ് എന്ന തോതിൽ) വളപ്രയോഗം നടത്താം. ആഴ്ചയിൽ രണ്ടുതവണ എന്ന തോതിൽ ജലസേചനം നൽകുക. തടതുരപ്പന്റെ ആക്രമണത്തിനെതിരെ ജാഗ്രത പാലിക്കണം. കുറുനാമ്പു രോഗം പരത്തുന്ന കീടങ്ങളെ നിയന്ത്രിക്കാൻ വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ആഴ്ചയിൽ ഒന്ന് എന്ന തോതിൽ തളിക്കുക.

ഫാം ന്യൂസ്

ഹോർട്ടികോർപ് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ ഗ്രാമശ്രീ ഹോർട്ടി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. പച്ചക്കറികൾക്കും പഴവർഗങ്ങൾക്കും പുറമേ പൊതു മേഖല സ്ഥാപനങ്ങൾ/ കുടുംബശ്രീ/ഫാർമേഴ്സ്/ ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി/കൃഷി കൂട്ടങ്ങൾ സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ ഉൽപന്നങ്ങളും ഹോർട്ടി സ്റ്റോറിൽ ലഭ്യമാക്കും. ഫോൺ: 04712359651

തയാറാക്കിയത്:
എസ്.പി.വിഷ്ണു,
അഗ്രികൾചർ ഓഫിസർ,
ഫാം ഇൻഫർമേഷൻ ബ്യൂറോ.

കർഷകശ്രീ ഏപ്രിൽ ലക്കം

മണ്ണുസംരക്ഷണം മുതൽ മത്സ്യക്കൃഷി വരെ, കർഷകർ നിരന്തരം ഉന്നയിക്കുന്ന 20 സംശയങ്ങൾക്കു പരിഹാരവുമായി 14 കാർഷിക വിദഗ്ധർ.

■ പ്രായമായവരിൽ സാധാരണയായി കണ്ടുവരുന്ന ആരോഗ്യപ്രശ്നമായ നടുവേദനയെക്കുറിച്ച് അറിയാം

മനോരമ നല്ല പ്രായം

നടൂ... എന്നെ വിടൂ !

ഓഫിസിൽ എന്നും ഒരേയിരിപ്പായിരുന്നു. ദീർഘകാലം ആ ഇരിപ്പിരുന്നു വിരമിച്ചപ്പോൾ നടുവേദനയും കൂടെപ്പോന്നു. അതു കൂടിക്കൂടി, ഇരിക്കാനും വയ്യ, കിടക്കാനും വയ്യ എന്ന അവസ്ഥയായി. രാത്രി കുത്തിനോവ്, സന്ധികളിൽ വേദന എന്നിങ്ങനെ വല്ലാത്ത വിഷമസ്ഥിതി. കാലുകളിലേക്കും വേദന പടരുന്ന അവസ്ഥ.

ഇത്തരം അവസ്ഥയിൽ ഉടൻ വിദഗ്ധ ചികിത്സ തേടണം. അസ്ഥി തേയ്മാനം വരുന്നതിനൊപ്പം തന്നെ, പ്രായമായവരിൽ സാധാരണയായി കണ്ടുവരുന്ന ആരോഗ്യപ്രശ്നമാണ് നടുവേദന. ഇത് സാധാരണയായി ചലനം കുറവുള്ള ഓഫിസ് ജോലി ചെയ്യുന്നവർക്കാണു കണ്ടുവരുന്നത്. വേദനാസംഹാരികൾ ഇതിന് ശാശ്വത പരിഹാരം നൽകില്ല.

നട്ടെല്ലിനുണ്ടാകുന്ന ക്ഷതം, അസ്ഥി തേയ്മാനം, കശേരുക്കളുമായി ബന്ധപ്പെട്ട അസുഖം, അണുബാധ, മറ്റു രോഗങ്ങൾ തുടങ്ങിയവ നടുവേദനയ്ക്കു കാരണമാകുന്നുണ്ട്.

പുറംഭാഗത്തും കഴുത്തിലും നട്ടെല്ലിന്റെ ഭാഗത്തായി വിട്ടുവിട്ടായോ നിരന്തരമായോ കാണുന്ന ശക്തമായ വേദനയാണ് രോഗലക്ഷണം. ഈ വേദന ദിവസങ്ങളോ ആഴ്ചകളോ നീണ്ടുനിൽക്കാം.

വേദന കൈകളിലേക്കോ കാലുകളിലേക്കോ ഇറങ്ങിവരുന്നതായി അനുഭവപ്പെടാം. വേദനയുണ്ടാകുന്നത് നട്ടെല്ലിനുള്ളിലെ സുഷുമ്നാനാഡിയിലേൽക്കുന്ന സമ്മർദം കൊണ്ടാണ്. ഇതിനു പല കാരണങ്ങളുണ്ട്. നട്ടെല്ലിന്റെ ഉൾഭാഗം ഇടുങ്ങുകയും ഇത് സുഷുമ്നയിൽ സമ്മർദം ചെലുത്തുകയും ചെയ്യുന്നത് ഒരു കാരണമാണ്. തുടർന്ന് ഇതു കടുത്ത നടുവേദനയ്ക്കു കാരണമാകുന്നു. സ്പൈനൽ സ്റ്റിനോസിസ് എന്നാണ് ഇത് അറിയപ്പെടുന്നത്.

പ്രായമായവരിലുണ്ടാകുന്ന അസ്ഥി തേയ്മാനം അഥവാ ഓസ്റ്റിയോ ആർത്രൈറ്റിസ് നടുവേദനയുണ്ടാകാനുള്ള ഒരു കാരണമാണ്.

പരിഹാരമാർഗങ്ങൾ

- അധികമായ വേദനയുണ്ടാകുമ്പോൾ എത്രയും വേഗം വിദഗ്ധചികിത്സ തേടുക.
- എക്സ്റേ, സ്കാനിങ് എന്നിവയിലൂടെ കാരണം കണ്ടെത്തി പരിഹാരം തേടുക.
- ഉദാസീനമായി ഒരേയിരിപ്പ് ഇരിക്കുന്ന ശീലം ഒഴിവാക്കുക.
- ഇരുന്നു ജോലി ചെയ്യുന്നവർ ഇടയ്ക്കിടെ എഴുന്നേറ്റു നടക്കുക.
- നട്ടെല്ലിനും നട്ടെല്ലിനെ സഹായിക്കുന്ന പേശികൾക്കും ബലം നൽകുന്ന വ്യായാമങ്ങൾ ചെയ്യുക.
- വേദനയുള്ള ഭാഗത്ത് ഔഷധത്തൈലങ്ങൾ തേച്ച് ഇരുന്ന ശേഷം ചെറുചൂടുവെള്ളത്തിൽ കുളിക്കുക.
- ആവശ്യത്തിന് ഉറങ്ങുക.
- പോഷകാഹാരം കഴിക്കുക.

(വിവരങ്ങൾക്കു കടപ്പാട്: ഡോ.എം. അബ്ദുൽ സുക്കൂർ, അസോഷ്യേറ്റ് പ്രഫസർ, അഹല്യ ആയുർവേദ മെഡിക്കൽ കോളജ്, പാലക്കാട്.)

തൊട്ടു, ഹൃദയത്തിൽ

■ രമണി ഗിരി അൻസേര ചിത്രം വരയ്ക്കാൻ തുടങ്ങിയത് 73-ാം വയസ്സിൽ. മൂന്നു മാസംകൊണ്ടു വരച്ച ചിത്രങ്ങളുടെ പ്രദർശനം നടത്തി രമണി ആത്മവിശ്വാസത്തിന്റെയും സംതൃപ്തിയുടെയും പടവുകൾ കയറുന്നു.

വി.പി. സുഹൈൽ

ജീവിതത്തിൽ ആദ്യമായി വരച്ച 73 ചിത്രങ്ങൾ, 73-ാം വയസ്സിൽ തന്റെ ചുറ്റുമുള്ളവർക്കായി തുറന്നുകൊടുക്കുകയാണ് രമണി ഗിരി അൻസേരയെന്ന അമ്മ. ആലപ്പുഴ ലളിതകലാ അക്കാദമിയിൽ മാർച്ച് 19ന് തുടങ്ങിയ 'ഹാർട്ട് ടച്ച് അറ്റ് 73' എന്ന ചിത്രപ്രദർശനം അവസാനിച്ചത് കഴിഞ്ഞ ദിവസമാണ്. കഴിഞ്ഞ മൂന്നുമാസം കൊണ്ടു വരച്ച ചിത്രങ്ങളാണ് പ്രദർശനത്തിലുള്ളത്. ആത്മവിശ്വാസത്തിന്റെ, സംതൃപ്തിയുടെ ജീവിതചിത്രം കൂടിയാണ് രമണി ഇവിടെ വരച്ചുവയ്ക്കുന്നത്!

■ കലാകുടുംബത്തിന്റെ സ്വന്തം അമ്മ

ആലപ്പുഴ പൂന്തോപ്പ് സ്വദേശിയായ രമണി ഗിരി അൻസേര നഴ്സിങ് അസിസ്റ്റന്റായി വിരമിച്ചിട്ട് വർഷം 18 കഴിഞ്ഞു. ഭർത്താവ് പരേതനായ ഗിരി അൻസേര നാട്ടിലെ അറിയപ്പെടുന്ന ചിത്രകാരനായിരുന്നു. വീടിനോടു ചേർന്ന് ചെറിയ ചിത്രകലാ സ്കൂളും സ്ഥാപിച്ചിട്ടുണ്ട്. മക്കളും കൊച്ചുമക്കളുമുൾപ്പെടെ എല്ലാവരും ഈ മേഖലയിൽ കഴിവു തെളിയിക്കുമ്പോൾ ഇത്രയും കാലത്തിനിടയ്ക്ക് ഒരു ചിത്രം പോലും വരയ്ക്കാൻ രമണി ശ്രമിച്ചിട്ടില്ല. ചിത്രരചനയോടു വലിയ താൽപര്യം തോന്നിയിരുന്നില്ലെന്നാണ് രമണി പറയുന്നത്. മൂന്നു മക്കളിൽ മൂത്തയാൾ വീടിനോടു ചേർന്ന 'ഗിരി അൻസേര' ചിത്രകലാ സ്കൂളിൽ അധ്യാപകനാണ്. മറ്റു രണ്ടു മക്കൾ ചിത്രരചനാ മേഖലയിലില്ലെങ്കിലും വല്ലപ്പോഴുമൊക്കെ വരയ്ക്കും.

■ ഒടുവിൽ ചായം പകർന്നു, കൊച്ചുമകനൊപ്പം!

കഴിഞ്ഞ ഏപ്രിലിലാണ് രമണിയുടെയും കൊച്ചുമക്കളുടെയുമെല്ലാം ചിത്രം ഉൾപ്പെടുത്തി ആലപ്പുഴ ലളിതകലാ അക്കാദമിയിൽ കുടുംബ ചിത്രപ്രദർശനമൊരുക്കിയത്. കുടുംബ ചിത്രപ്രദർശനമെന്ന ആശയം പങ്കുവച്ചപ്പോൾ അമ്മയൊഴികെ മറ്റെല്ലാവരും ചിത്രം വരയ്ക്കാൻ തയാറായി. വരയ്ക്കാൻ അറിയില്ലെന്നു പറഞ്ഞ് ഒഴിഞ്ഞുമാറിയപ്പോൾ എന്തെങ്കിലും വരച്ചാൽ മതിയെന്നു പറഞ്ഞാണ് വരപ്പിച്ചതെന്ന് രമണിയുടെ മൂത്ത മകൻ പറയുന്നു. അന്ന് 4 വയസ്സായ കൊച്ചുമകൻ നെയ്തൽ വരച്ച ചെറിയ ചിത്രം അതേപടി പകർത്തിയാണ് രമണിയും കുടുംബ ചിത്രപ്രദർശനത്തിൽ പങ്കാളിയായത്. എന്നാൽ പിന്നിട് വരച്ചത് ഇക്കഴിഞ്ഞ ജനുവരിയിലാണ്. ഇളയ മകനോടൊപ്പം താമസിക്കുന്ന രമണി രാവിലെ 10 കഴിയുന്നതോടെ വീട്ടിൽ ഒറ്റയ്ക്കാണ്. മകനും ഭാര്യയും ജോലിക്കുപോകുന്നതോടെ തനിച്ചാകുന്ന ഇവർ വിരസത മാറ്റാൻ വർണങ്ങളെ കൂട്ടുപിടിച്ചു. വരച്ചവയെല്ലാം വളരെ സാധാരണമായ, ആർക്കും വരയ്ക്കാവുന്ന ചിത്രങ്ങൾ. തന്നെക്കൊണ്ടാവുന്ന പോലെ മൂന്നുമാസം കൊണ്ടു രമണി വരച്ചത് നൂറിലേറെ ചിത്രങ്ങളാണ്. അവയിൽ നിന്നുള്ള 73 ചിത്രങ്ങളാണ് പ്രദർശനത്തിനു വച്ചത്.

രമണി ഗിരി അൻസേര വരച്ച ചിത്രങ്ങൾ

രമണി ഗിരി അൻസേര

ആനന്ദത്തിലേക്ക് ചുവടുവച്ച്

ഊരാളി ജയപ്രകാശ്

പ്രായമായെന്നു പറഞ്ഞു വെറുതേ ഇരിക്കാനൊന്നും ഈ വനിതാ സംഘം ഒരുക്കമല്ല. കാലത്തിന്റെ കണക്കുപുസ്തകത്തിൽ എഴുപതും എൺപതുമെല്ലാം പിന്നിട്ടിട്ടും മലപ്പുറം കോട്ടയ്ക്കൽ ആമപ്പാറയിലെ 10 വനിതകൾ ഉറച്ച കാൽവയ്പോടെ വിവിധയിടങ്ങളിൽ തിരുവാതിരക്കളി അവതരിപ്പിച്ചുവരുന്നു.

10 വർഷം മുൻപായിരുന്നു അരങ്ങേറ്റം. വയോജനങ്ങൾക്കുള്ള 'വയോമിത്രം' പദ്ധതിയുടെ ഭാഗമായി കോട്ടയ്ക്കലിൽ നടന്ന ചടങ്ങായിരുന്നു വേദി. ആദ്യ പരിപാടിക്കു നിലയ്ക്കാത്ത കയ്യടി ലഭിച്ചതോടെ കൂടുതൽ ഊർജമായി. പിന്നീട്, ക്ഷേത്രോത്സവങ്ങൾ, കലാസമിതി വാർഷികാഘോഷം, സർവീസ് പെൻഷൻകാരുടെ സമ്മേളനം, സ്കൂൾ വാർഷികാഘോഷം തുടങ്ങിയ അവസരങ്ങളിലെല്ലാം തിരുവാതിരക്കളി അവതരിപ്പിച്ചു.

പാട്ടുകൾ ശേഖരിച്ചു ചിട്ടപ്പെടുത്തുന്നതും പരിശീലിപ്പിക്കുന്നതുമെല്ലാം കൂട്ടായ്മയുടെ നേതൃസ്ഥാനത്തിരിക്കുന്ന പൊലിയടത്ത് മാധവിക്കുട്ടി അമ്മ(79)യാണ്. തങ്കം, പ്രേമ, പുഷ്പ, സാവിത്രി, പത്മാവതി, ഗിരിജ, സുജാത, ശ്രീമതി, പുഷ്പ വാരസ്യാർ എന്നീ മറ്റംഗങ്ങൾ കട്ടയ്ക്കു കൂടെ നിൽക്കുന്നു.

പ്രതിഫലമൊന്നും വാങ്ങുന്നില്ലെന്നു മാത്രമല്ല ചെലവുതുക കയ്യിൽ നിന്നെടുക്കുകയുമാണ്. 15 മിനിറ്റ് ദൈർഘ്യമുള്ള 4 പാട്ടുകളാണ് പ്രധാനമായും അവതരിപ്പിക്കുന്നത്.